**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5318** **21-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ അവസാനമായി പെൻഷൻ പരിഷ്കരിച്ചത് എന്നാണെന്നും ഇത് പ്രാബല്യത്തിൽ വന്നത് എന്ന് മുതലാണെന്നും വിശദമാക്കാമോ; വിരമിച്ച ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്നത് പരിഷ്കരിച്ച പെൻഷൻ ആണോയെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ 2011 ശമ്പള പരിഷ്കരണത്തോടൊപ്പമാണ് അവസാനമായി പെൻഷൻ പരിഷ്കരിച്ചത്. ആയത് 01-10-2012 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ അപ്രകാരം പുതുക്കിയ പെൻഷൻ 2013 ഫെബ്രുവരി മുതൽ അനുവദിച്ചിരുന്നു. മേൽ പരിഷ്കരിച്ച പെൻഷനാണ് നിലവിൽ നൽകി വരുന്നത്. |
| (ബി) | വിരമിച്ച ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാനായി ഹൈക്കോടതി നിർദ്ദേശപ്രകാരം രൂപീകരിച്ച കോർപ്പസ് ഫണ്ടിൽ നിന്നും തുക വക മാറ്റി ചിലവഴിച്ചത് മൂലം പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ തടസ്സം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുന:സ്ഥാപിച്ച് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | വിരമിച്ച ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാനായി ഹൈക്കോടതി നിർദ്ദേശ പ്രകാരം രൂപീകരിച്ച കോർപ്പസ് ഫണ്ടിൽ നിന്നും തുക വക മാറ്റി ചെലവഴിച്ചിട്ടില്ല. ഇപ്രകാരം കോർപ്പറേഷന്റെ അക്കൗണ്ടിൽ ലഭ്യമാകുന്ന ദിവസ വരുമാനത്തിന്റെ 5% പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് 2024 ജനുവരി മുതൽ പെൻഷൻ ആനുകൂല്യങ്ങൾ കൃത്യമായി നൽകി വരികയാണ്. പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണത്തിനായി തയ്യാറാക്കിയ സ്കീം പ്രകാരം ഡി.സി.ആർ.ജി., സി.വി.പി. ആനുകൂല്യങ്ങൾ 2023 മാർച്ച് മാസം വരെയുള്ളത് പൂർണ്ണമായി പൂർത്തീകരിച്ചിട്ടുള്ളതും, 2023 ഏപ്രിൽ വിരമിച്ച ജീവനക്കാരുടെ ഡി.സി.ആർ.ജി., സി.വി.പി. ആനുകൂല്യങ്ങൾ നൽകി വരികയുമാണ്. കൂടാതെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ 2023 ഏപ്രിൽ മാസം വരെ വിരമിച്ച ജീവനക്കാർക്ക് പൂർണ്ണമായി നൽകിയിട്ടുണ്ട്. 2023 മേയ് മാസം വിരമിച്ച ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്ലോഷർ വിതരണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ